സംസ്ഥാനത്ത് കുടിയേറി സ്ഥിരതാമസമാക്കിയവരാകുകയും അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികഗോത്രവർഗ്ഗ പട്ടികയിൽ ഉൾപ്പെട്ടതാവുകയും ചെയ്താൽ അങ്ങനെയുള്ളവർ ഈ സംസ്ഥാനത്തു നിന്ന് അപ്രകാരമുളള സർട്ടിഫിക്കറ്റിനും അർഹരായിരിക്കും. എന്നാൽ 1950 ന് മുമ്പ് കുടിയേറിയവരുടെ സംഗതിയിൽ അവർ ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികഗോത്രവർഗ്ഗ പട്ടികയിൽ ഉൾപ്പെടാതെ വരുന്ന കേസുകളിൽ അവർക്ക് ഈ സംസ്ഥാനത്തു നിന്നുള്ള പട്ടികജാതി/പട്ടികഗോത്രവർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവില്ല. കൂടാതെ 1950 ന് ശേഷം ഈ സംസ്ഥാനത്തേക്ക് കുടിയേറിത്താമസിച്ച പട്ടികജാതി/പട്ടികഗോത്രവർഗ്ഗ വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ പട്ടികജാതി/പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിൽപ്പോലും ഈ സംസ്ഥാനത്തു നിന്ന് പട്ടികജാതി/പട്ടികഗോത്രവർഗ്ഗ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**245. ഭാഷാ ന്യൂനപക്ഷവിഭാഗമാണെന്ന സർട്ടിഫിക്കറ്റ് (Linguistic Minority Certificate)-** മാതാപിതാക്കളുടെ മാതൃഭാഷ തമിഴ്/കന്നട ആവുകയും അപേക്ഷകനോ അപേക്ഷകയോ പഠിക്കാനുദ്ദേശിക്കുന്ന കോഴ്സിൽ രണ്ടാം ഭാഷയായി തമിഴ്/കന്നട പഠിക്കുന്നതിനായി അപേക്ഷിക്കുകയും ചെയ്യുന്ന പക്ഷം അപേക്ഷകനെ/ അപേക്ഷകയെ ഭാഷാന്യൂനപക്ഷ വിഭാഗമെന്ന് പരിഗണിക്കാവുന്നതും ഇത്തരത്തിൽ സാക്ഷ്യപത്രം അനുവദിക്കാവുന്നതുമാണ്. വിദ്യാഭ്യാസ ആവശ്യത്തിനായി മാത്രം അനുവദിക്കുന്ന ഈ സാക്ഷ്യപത്രം സംസ്ഥാനത്തിലെ കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളൊഴികെയുളളവയിലേക്ക് വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കും കേന്ദ്ര സർക്കാർ നിയന്ത്രിത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തഹസിൽദാരുമാണ് അനുവദിക്കുന്നത്.

**246. മിശ്ര ജാതി വിവാഹ സർട്ടിഫിക്കറ്റ് (Inter Caste Marriage Certificate)-** രണ്ടു വ്യത്യസ്ത ജാതി വിഭാഗങ്ങളിൽപ്പെടുന്നവരുടെ വിവാഹം സമുദായാചാരങ്ങൾ അനുവദിക്കാത്ത രീതിയിലുളളതാണെങ്കിൽ വിവാഹ ബന്ധത്തിലേർപ്പെട്ട ദമ്പതികൾ മിശ്ര ജാതി വിവാഹിതരാണെന്ന് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് തഹസിൽദാർ മാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇൻഡ്യയിൽ ജാതി വ്യവസ്ഥ നിലവിലുള്ളത് ഹിന്ദു, സിഖ്, ബുദ്ധ മത വിഭാഗങ്ങളിൽ മാത്രമാകയാൽ ഈ മതവിഭാഗങ്ങളിലെ വ്യത്യസ്ത ജാതികളിലുൾപ്പെട്ട ആളുകളുടെ വിവാഹ ബന്ധത്തെ മാത്രമേ മിശ്ര-ജാതി വിവാഹമായി പരിഗണിക്കുകയുള്ളൂ. ഇസ്ലാം, ക്രിസ്ത്യൻ വിഭാഗങ്ങളിൽ ജാതി വ്യവസ്ഥ നിലവിലില്ലാത്തതാണ്. ഇവയിലെ വ്യത്യസ്ത വിഭാഗങ്ങൾ അറിയപ്പെടുന്നത് "അവാന്തര വിഭാഗങ്ങൾ" (Sects) എന്നാണ്. അതുകൊണ്ടു തന്നെ ക്രിസ്തു മതത്തിലെ രണ്ട് വ്യത്യസ്ത വിഭാഗത്തിൽപ്പെട്ടവരുടെ വിവാഹമോ ക്രിസ്തു മതത്തിൽ ഉൾപ്പെട്ട ഒരാളും മറ്റൊരു മതത്തിൽ ഉൾപ്പെട്ട ഒരാളും തമ്മിലുള്ള വിവാഹമോ ഇസ്ലാം മതത്തിൽപ്പെട്ട ഒരാളും മറ്റൊരു മതത്തിൽപ്പെട്ടയാളും തമ്മിലുള്ള വിവാഹമോ മിശ്ര ജാതി വിവാഹമായി പരിഗണിക്കാൻ പാടില്ലാത്തതാണ്. ഹിന്ദുമതത്തിലെ തന്നെ



LAND REVENUE MANUAL VOL.VI

നായർ-ബ്രാഹ്മിൻ ജാതിയിൽപ്പെട്ടവർ തമ്മിലുള്ള വിവാഹം സമുദായാചാരങ്ങൾക്കു വിരുദ്ധമല്ലാത്തതിനാൽ ഈ രണ്ടു വിഭാഗങ്ങളിൽ പ്പെടുന്നവരുടെ വൈവാഹികാ വസ്ഥയെ മിശ്ര-ജാതിയെന്ന് കണക്കാക്കാനാവില്ലാ ത്തതാണ്. ദമ്പതികളുടെ ജാതിസ്ഥിതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും പ്രാദേശികാന്വേഷണം നടത്തിയും വില്ലേജ് ഓഫീസർ തയ്യാറാക്കുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി തഹസിൽദാർ സാക്ഷ്യപത്രം അനുവദിക്കുന്നു.

**247. വരുമാന സർട്ടിഫിക്കറ്റ്-** (1) വരുമാന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തി നൽകുകയാണ് വേണ്ടത്. എന്നാൽ അപൂർവ്വം അവസരങ്ങളിൽ അപേക്ഷകന്റെ വ്യക്തിഗത വരുമാനവും നിർണ്ണയിച്ചു നൽകേണ്ടിവരാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ കുടുംബ വാർഷിക വരുമാനത്തോടൊപ്പം അപേക്ഷകന്റെ വ്യക്തിഗത വരുമാനം കൂടി രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും യഥാർത്ഥത്തിലും സ്ഥിരമായും ആർജ്ജിക്കുന്ന എല്ലാത്തരം വരവുകളുടെയും ആകെത്തുകയാണ് "വരുമാനം". ഇത്തരത്തിൽ ഒരു വർഷം അപേക്ഷകന്റെ കുടുംബത്തിന് എത്ര വരുമാനമുണ്ടെന്ന് നിർണ്ണയിക്കുകയാണ് വേണ്ടത്. ഇതിലേക്കായി അപേക്ഷാ തീയതിയിൽ നിന്നും പിന്നിലേക്കുള്ള ഒരു കലണ്ടർ വർഷത്തെ ആകെയുള്ള സ്ഥിരവരവുകളെയാണ് പരിഗണിക്കേണ്ടത്. എന്നാൽ സമാശ്വാസ തൊഴിൽദാന പദ്ധതിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടയാളിന്റെ ആശ്രിതന് തൊഴിൽ ലഭിക്കുന്നതിനുവേണ്ടി കുടുംബ വാർഷിക വരുമാനം തിട്ടപ്പെടുത്തുമ്പോൾ ജിവനക്കാരൻ/ ജീവനക്കാരി മരണമടഞ്ഞ തീയതിയിൽ നിന്നും ഒരു വർഷത്തിനുള്ളിൽ വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം എന്നു വ്യവസ്ഥയുള്ളതിനാൽ പ്രസ്തുത കാലയളവിലെ വരുമാനം മാത്രമേ ആയതിന് കണക്കിലെടുക്കാൻ പാടുള്ളൂ.

(2) സംസ്ഥാനാവശ്യങ്ങൾക്കുള്ള (സംസ്ഥാനത്തിനുള്ളിലെ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾക്കൊഴികെ) വരുമാന സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറും സംസ്ഥാനേതര ആവശ്യങ്ങൾക്കുള്ള വരുമാന സർട്ടിഫിക്കറ്റുകൾ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസിൽദാരുമാണ് അനുവദിക്കുന്നത്.

(3) കുടുംബവാർഷികവരുമാനം തിട്ടപ്പെടുത്തുമ്പോൾ ചുവടെ ചേർക്കുന്നവരെയാണ് കുടുംബാംഗങ്ങളായി പരിഗണിക്കേണ്ടത്.

(എ) അപേക്ഷകൻ/ അപേക്ഷക

(ബി) അപേക്ഷകന്റെ/ അപേക്ഷകയുടെ ഭാര്യ/ഭർത്താവ്

(സി) അപേക്ഷകന്റെ/ അപേക്ഷകയുടെ മാതാപിതാക്കൾ/ രക്ഷാകർത്താവ്/ ഒരുമിച്ചു താമസിക്കുന്ന രണ്ടാനച്ഛൻ, രണ്ടാനമ്മ

(ഡി) ഒരുമിച്ചു താമസിക്കുന്ന സഹോദരീ സഹോദരന്മാർ



LAND REVENUE MANUAL Vol.VI